"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമവകപ്പ് - ഹെൽത്ത് സർവീസസ് -ജീവനക്കാര്യം - ശ്രീമതി.മേരി സുജ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I ഫയൽ ചെയ്ത O.A 389/2026 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16/03/2026 തീയതിയിലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1595/2026/H&FWD തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-

1. ശ്രീമതി.മേരി സുജ സർക്കാരിൽ സമർപ്പിച്ച 14/03/2026 തീയതിയിലെ നിവേദനം (Annexure A7)
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 389/2026 നമ്പർ കേസിന്റെ 16 /03/2026 തീയതിയിലെ ഇടക്കാല ഉത്തരവ്
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 06/04/2026 തീയതിയിലെ DHS/7871/2026-FwA4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I തസ്തികയിൽ, ജില്ലാന്തര സ്ഥലം മാറ്റത്തിൽ സീനിയോറിറ്റി പരിഗണിക്കാതിരുന്നത് സംബന്ധിച്ച് ശ്രീമതി.മേരി സുജ പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും O.A 389/2026 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു.

2. പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണലിന്റെ 16/03/2026 തീയതിയിലെ ഇടക്കാല ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ ശ്രീമതി.മേരി സുജ സർക്കാരിൽ സമർപ്പിച്ച 14/03/2026 തീയതിയിലെ Annexure A7 നിവേദനം പരിഗണിച്ച്, കോടതി ഉത്തരവ് കിട്ടി ഒരു മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും A7 അപ്പീൽ പരിഗണിക്കുമ്പോൾ, അപേക്ഷകയേയും 6 മുതൽ 9 വരെയുള്ള എതിർ കക്ഷികളെയും നേരിൽ കേൾക്കണമെന്നും Annexure A7 അപ്പീലിലെ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരിക്കണം Annexure A1-ലെ സ്ഥലംമാറ്റം നടപ്പിലാക്കേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു.

3. O.A 389/2026 നമ്പർ കേസിന്റെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണലിന്റെ 16/03/2026 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെയും 6 മുതൽ 9 വരെയുള്ള എതിർ കക്ഷികളെയും 07/04/2026 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. എട്ടാം എതിർകക്ഷിയായ ശ്രീമതി. ഷീബാ ചാക്കോ ഹാജരായിരുന്നില്ല. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ പ്രതിനിധികളും മറ്റ് കക്ഷികളും ഹാജരായിരുന്നു.

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ, പരാമർശം(3) റിപ്പോർട്ട് പ്രകാരം 07.09.2024 തീയതിയിലാണ് ശ്രീമതി മേരി സുജ. എ തൃശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ചത്. 20.03.2025 തീയതിയിൽ ടിയാൾ അപേക്ഷ സമർപ്പിച്ചത് 2025-ലെ പൊതു സ്ഥലം മാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷയാണ്. പൊതു സ്ഥലം മാറ്റത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട നിബന്ധനയായ 3 വർഷത്തെ കാലാവധി ടിയാൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഓൺലൈൻ അപേക്ഷ പരിഗണിക്കാൻ സാധിച്ചില്ല. ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചു എന്നതൊഴിച്ചാൽ ടിയാൾ തന്റെ പ്രത്യേക സാഹചര്യം വിശദീകരിച്ചുകൊണ്ടോ സ്ഥലം മാറ്റം ആവശ്യപ്പെട്ടുകൊണ്ടോ യാതൊരുവിധ രേഖാമൂലമുള്ള അപേക്ഷയും സമർപ്പിച്ചിട്ടില്ല. ടിയാളെക്കാൾ ജൂനിയറായവർക്ക് സ്ഥലം മാറ്റം അനുവദിച്ചു എന്നത് വസ്തുതയാണ്. എന്നാൽ ടി ജീവനക്കാർ 3 വർഷം പൂർത്തിയാകാത്ത അവസ്ഥയിൽ തങ്ങളുടെ സാഹചര്യം വ്യക്തമാക്കി പ്രത്യേകം പ്രത്യേകം  അപേക്ഷ സമർപ്പിച്ചവരാണ്. അപ്രകാരം അപേക്ഷ നൽകാത്തതിനാലാണ് ശ്രീമതി മേരി സുജ-യുടെ കൊല്ലം ജില്ലയിലേക്കുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കാഞ്ഞത്. നിലവിൽ കൊല്ലം ജില്ലയിൽ ഒഴിവുകൾ ഇല്ല. ഒഴിവ് വരുന്ന മുറയ്ക്ക് ടിയാൾ ഉചിത മാർഗേണ അപേക്ഷ സമർപ്പിക്കുന്ന പക്ഷം സ്ഥലം മാറ്റം പരിഗണിക്കുന്നതാണ്  എന്ന് അറിയിച്ചു.

5. ശ്രീമതി. മേരി സുജ ഉൾപ്പടെ ഉള്ളവരെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I ആയി സ്ഥാനക്കയറ്റം നൽകി കൊല്ലം ജില്ലയിൽ തന്നെ ആണ് 4/1/2024 ലെ ഉത്തരവ് പ്രകാരം നിയമിച്ചത്. എന്നാൽ, പ്രസ്തുത ജില്ലയിൽ ഒഴിവില്ലാത്തതിനാൽ, 7/9/2024 ലെ നടപടികുറിപ്പു പ്രകാരം ടിയാൾക്കു തൃശൂർ ജില്ലയിൽ പോസ്റ്റിങ്ങ് നൽകുകയുണ്ടായി. എതിർ കക്ഷികളെയും ഇപ്രകാരം പല ഇടങ്ങളിലും പോസ്റ്റ് ചെയ്യപ്പെട്ടു. തുടർന്നു 2025 ലെ പൊതു സ്ഥലം മാറ്റത്തിൽ ടീയാൾ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ പരിഗണിക്കുകയുണ്ടായില്ല. തുടർന്ന് 13/3/2026ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം എതിർ കക്ഷികളുൾപ്പടെയുള്ളവരെ അവരവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റം നൽകുകയും, അന്നും പരാതിക്കാരിയെ പരിഗണിക്കയുണ്ടായില്ല എന്ന് കാണുന്നു. ശ്രീമതി. മേരി സുജ സ്ഥലം മാറ്റത്തിനായി ഓൺലൈൻ ആയി അപേക്ഷ നൽകി എങ്കിലും തുടർന്നു ഡയറക്ടർറേറ്റുമായി യാതൊരു അന്വേഷണവും നടത്തുകയോ, എതിർ കകഷികൾ നൽകിയ പോലെ പ്രത്യേകം അപേക്ഷ നൽകുകയോ ചെയ്യുകയുണ്ടായില്ല. പക്ഷെ തന്നെക്കാൾ ജൂനിയർ ആയ എതിർ കക്ഷികളെ സ്ഥലം മാറ്റം നൽകുകയും, തന്നെ പരിഗണിക്കാതെ ഇരുന്നതിനാലുമാണ് ബഹു.കോടതി മുൻപാകെ കേസ് നൽകിയതെന്നും,

25/2/2017-ലെ സ.ഉ(പി)3/2017/ഉ.ഭ.പ.വ ഉത്തരവിലെ (2(ii)) പ്രകാരം ഒഴിവില്ലാത്ത കാരണത്താൽ സ്വന്തം ജില്ലയിൽ/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലംമാറ്റപ്പെട്ട ജീവനക്കാരനെ തിരികെ സ്ഥലംമാറ്റാൻ 3 വർഷം ഡ്യൂട്ടി/സർവ്വീസ് ബാധകമാകുന്നതല്ല എന്നും ഇത്തരം സംഗതികളിൽ സ്വന്തം ജില്ലയിൽ / ഓപ്റ്റ് ചെയ്ത ജില്ലയിൽ ഉണ്ടാകുന്ന ആദ്യത്തെ ഒഴിവിൽ ജീവനക്കാരന് സ്ഥലംമാറ്റം നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നതിനാലും, അപ്രകാരം ഉള്ളവരുടെ ലിസ്റ്റിലും തനിക്ക് സീനിയോറിയറ്റി ഉള്ളതിനാൽ, തന്നെ പരിഗണിച്ചതിനു ശേഷം മാത്രമേ എതിർകക്ഷികൾ പരിഗണിക്കാൻ പാടില്ലായിരുന്നു എന്നുമാണ് ഹർജിക്കാരി വാദിച്ചത്. എതിർ കക്ഷികൾ പ്രത്യേക അപേക്ഷ നൽകിയ പോലെ ഹർജിക്കാരിയും അപേക്ഷ നൽകിയിരുന്നു എങ്കിൽ അത് പരിഗണിക്കാമായിരുന്നു എന്നാണ് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ കാണുന്നത്. എന്നാൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥ അപ്രകാരമല്ല.

6. മേൽ സാഹചര്യത്തിൽ ശ്രീമതി.മേരി സുജ സർക്കാരിൽ സമർപ്പിച്ച 14/03/2026 തീയതിയിലെ Annexure A7 നിവേദനം പരിഗണിച്ച്, ടി യാൾക്ക് കൊല്ലം ജില്ലയിൽ തുടർന്ന് വരുന്ന ആദ്യത്തെ ഒഴിവിൽ, നിയമനം നൽകുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16/03/2026 തീയതിയിലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീമതി. മേരി സുജ എ.ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I,തെരുവത്ത് വീട്, കൊടുവിള പി.ഒ.,ഈസ്റ്റ് കല്ലട,കൊല്ലം - 691502
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ)കേരളം,തിരുവനന്തപുരം
കരുതൽ ഫയൽ (C1/45/2026/H&FWD)

ഉത്തരവിൻ പ്രകാരം
Signed by
Rekha Johnson
Date: 30-04-2026 16:38:47
സെക്ഷൻ ഓഫീസർ